## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 396** **01.12.2015-ൽ മറുപടിയ്ക്ക്**

## കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി കമ്പനി ലിമിറ്റഡിന്റെ നിലവിലുള്ള ബാധ്യതകൾ ഇനംതിരിച്ച് വിശദമാക്കുമോ ; ഇവയിൽ ഈ സർക്കാരിന്റെ കാലയളവിൽ വന്നു ചേർന്ന ബാധ്യതകൾ എത്രയെന്ന് വിശദമാക്കുമോ ;

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലവിലുള്ള (23.11.2015 ലെ) കടബാദ്ധ്യതകൾ താഴെ നൽകുന്നു.

| | |
|---|---|
| ഓവർഡ്രാഫ്റ്റ് | 1635.70 കോടി |
| ഹ്രസ്വകാല വായ്പ | 2500.00 കോടി |
| മദ്ധ്യകാല വായ്പ | 313.89 കോടി |
| ദീർഘകാല വായ്പ | 1455.52 കോടി |
| ആകെ | 5905.11 കോടി |

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ (31.03.2011 ലെ കണക്കുപ്രകാരം) കെ.എസ്.ഇ.ബി-യുടെ കടബാധ്യത 1384.14 കോടി രൂപ ആയിരുന്നു.

ഇപ്രകാരം ഈ സർക്കാരിന്റെ കാലയളവിൽ വന്നുചേർന്ന ബാധ്യതകൾ 4520.97 കോടി രൂപ എന്ന് കണക്കാക്കാവുന്നതാണ്.

(ബി) വൈദ്യുതി ചാർജ്ജിനത്തിൽ പിരിച്ചെടുക്കാൻ കുടിശ്ശിക വരുത്തിയിട്ടുള്ള തുക എത്രയാണെന്നു വെളിപ്പെടുത്തുമോ ;

(ബി) 30.09.2015 ലെ കണക്കുപ്രകാരം കുടിശ്ശിക തുക 1961.57 കോടി രൂപയാണ്.

(സി) ഈ സർക്കാരിന്റെ കാലത്ത് വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ എന്തെല്ലാം ഇനത്തിൽ എത്ര തവണ വർധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോ വർദ്ധനവി

(സി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മൂന്നു പ്രാവശ്യം വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. 01.07.2012 മുതലും, 01.05.2013

ലൂടെയും എത്ര കോടി അധിക വരുമാനം ഉണ്ടായിയെന്നും വിശദമാക്കുമോ ;

മുതലും 16.08.2014 മുതലുമാണ് വൈദ്യുതി ചാർജ്ജ് പരിഷ്കരിച്ചിട്ടുള്ളത്.

വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള (ഇലക്ട്രിക് പോസ്റ്റ് ആവശ്യമായതുൾപ്പെടെ) പരിഷ്കരിച്ച ചാർജ്ജുകൾ 01.04.2014 മുതൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈടാക്കി വരുന്നുണ്ട്.

വൈദ്യുതി ചാർജ്ജിനും, വൈദ്യുതി കണക്ഷൻ നൽകുന്നതിനും പുറമെ വൈദ്യുതി ബോർഡ് നൽകി വരുന്ന വിവിധ സേവനങ്ങൾക്കുള്ള ചാർജ്ജുകൾ, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അതിന്റെ 01.07.2015 ലെ ഉത്തരവിലൂടെ പരിഷ്കരിച്ചിട്ടുണ്ട്. ഇത് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ 01.09.2015 മുതൽ നടപ്പിൽ വരുത്തിയിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിവർഷം 1257 കോടി രൂപയുടെയും 2013-14 ൽ, 01.05.2013 മുതൽ നടപ്പിലാക്കിയ താരിഫ് പരിഷ്കരണത്തിലൂടെ പ്രതിവർഷം 642.47 കോടി രൂപയുടെയും 2014-15 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ താരിഫ് വർദ്ധന-യിലൂടെ പ്രതിവർഷം 600 കോടിയുടെയും അധിക വരുമാനം കണക്കാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നിലവിൽ ആവശ്യമായിട്ടുള്ള വൈദ്യുതിയുടെ എത്ര ശതമാനമാണ് കേന്ദ്ര പൂളിൽ ലഭിക്കുന്നത് ; സ്വകാര്യ കമ്പനി കളിൽ നിന്നും കൂടിയ നിരക്കിൽ വാങ്ങുന്നത് എത്ര ; ഇന്നത്തെ നിലയിൽ കണക്കാക്കുമ്പോൾ 2020-21 വർഷമാകുമ്പോൾ മേൽപ്പറഞ്ഞവ ഓരോന്നും എത്രയായി മാറും ; വസ്തുതക ളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുമോ ?

(ഡി) ഏപ്രിൽ 2015 മുതൽ ഒക്ടോബർ 2015 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ള കേന്ദ്ര വിഹിതം ആകെ ഉപയോഗത്തിന്റെ 49.26% ആണ്.

ഏപ്രിൽ 2015 മുതൽ ഒക്ടോബർ 2015 വരെയുള്ള കാലയളവിൽ വാങ്ങിയ വൈദ്യുതിയുടെ കണക്ക വിവരങ്ങൾ (ദശലക്ഷം യൂണിറ്റിൽ) ചുവടെ ചേർക്കുന്നു.

| മറ്റ് സ്രോതസ്സുകൾ | യൂണിറ്റ് ദശലക്ഷം | ശതമാനം |
|---|---|---|
| Kayamkulam | 132.44 | 1.02% |
| BSES | 5.27 | 0.04% |
| KPCL Testing | 5.67 | 0.04% |
| STOA | | |
| PTC Simhapuri | 239.058 | 1.83% |
| JSW PTC | 83.667 | 0.64% |
| PTC Balco STOA | 2.295 | 0.02% |
| NVVN Case – I | 134.587 | 1.03% |
| TPCIL | 21.182 | 0.16% |
| MTOA | | |
| PTC/Balco | 326.451 | 2.5% |
| NVVN | 124.485 | 0.95% |
| Power Exchange | 501.712 | 3.85% |

2020-2021 ലേയ്ക്ക് കണക്കാക്കപ്പെട്ടിട്ടുള്ള വൈദ്യുതി

| | |
|---|---|
| ഉപഭോഗം | 29200 ദശലക്ഷം യൂണിറ്റ് |
| ജല വൈദ്യുതി | 7200 ദശലക്ഷം യൂണിറ്റ് |
| കേന്ദ്ര വിഹിതം | 12000 ദശലക്ഷം യൂണിറ്റ് |
| ദീർഘകാല കരാർ പ്രകാരം | 7200 ദശലക്ഷം യൂണിറ്റ് |
| ഹ്രസ്വകാല കരാർ കായംകുളം ഉൾപ്പെടെ | 2800 ദശലക്ഷം യൂണിറ്റ് |

സെക്ഷൻ ഓഫീസർ.